പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3009 | 21-08-2017-ലെ മറുപടിയ്ക്ക്

**കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടായ കൃഷിനാശം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ. ശശി** | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം എത്ര കർഷകരുടെ എത്ര ഹെക്ടർ ഭൂമിയിലെ കൃഷി നശിച്ചു എന്നും അതുമൂലം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായി എന്നും വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ വർഷമുണ്ടായ മഴക്കുറവും വരൾച്ചയും മൂലം 45399 ഹെക്ടർ സ്ഥലത്ത് 875 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് 179142 കർഷകരെ ബാധിച്ചിട്ടുണ്ട്. മഴ മൂലം 26455 കർഷകരുടെ 7801.92 ഹെക്ടർ കൃഷി നാശം സംഭവിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു മൂലം 953664964 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദ വിവരം അനുബന്ധം (A)-ആയി ചേർത്തിട്ടുണ്ട്. |
| (ബി) വരൾച്ചയും കൃഷിനാശവും പരിശോധിക്കാൻ കേന്ദ്രസംഘം എത്തിയത് എന്നാണെന്നും അവരുടെ റിപ്പോർട്ട് അനുസരിച്ച് ലഭിച്ച കേന്ദ്രസഹായം എത്രയെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട കേന്ദ്രസഹായം എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | വരൾച്ചയും കൃഷി നാശവും പരിശോധിക്കാൻ കേന്ദ്ര സംഘം 2017 ഏപ്രിൽ 19 മുതൽ 21 വരെയാണ് കൃഷി നാശം നേരിട്ട സ്ഥലങ്ങൾ സന്ദർശിച്ചത്. 992.5 കോടി രൂപ സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. |
| (സി) കൃഷി നശിച്ച കർഷകരെ സഹായിക്കാനും ദുരിതാശ്വാസം നൽകുവാനും വിള നാശത്തിന് അർഹമായ നഷ്ടപരിഹാരം നൽകുവാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു; എത്രകർഷകർക്ക് എന്തു തുക നാളിതുവരെ നൽകി; ജില്ല | (സി) | പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി പ്രകൃതിക്ഷോഭം മൂലം ദുരിതാശ്വാസത്തിനുള്ള അപേക്ഷ കർഷകരിൽ നിന്നും കൃഷി ഭവൻ മുഖേന ശേഖരിച്ച് ഫീൽഡ് തല അന്വേഷണം നടത്തി നഷ്ടത്തിന്റെ തോത് കണക്കാക്കുകയും ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കർഷകർക്ക് ധനസഹായം വിതരണം |

| | | | |
|---|---|---|---|
| | തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | | ചെയ്തതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (B)-ആയി ചേർക്കുന്നു. |
| (ഡി) | പാലക്കാട്ടുനിന്ന് കൃഷി നശിച്ച കർഷകരിൽ എത്ര പേർ സഹായം അഭ്യർത്ഥിച്ച് അപേക്ഷ നൽകി; എത്ര പേർക്ക് സഹായം ലഭ്യമാക്കി; | (ഡി) | പാലക്കാട് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം മൂലമുണ്ടായ കൃഷിനാശത്തിൽ 7545 കർഷകർക്കായി 12.51 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചതിന് ധനസഹായത്തിനായി 1848 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | വിള ഇൻഷുറൻസ് പദ്ധതിയിൽ സംസ്ഥാനത്താകമാനമായി എത്ര കർഷകരെ നാളിതുവരെ ഉൾപ്പെടുത്തി എന്നും ഇനിയും ഉൾപ്പെടുത്താനുള്ള കർഷകർ എത്ര എന്നും വ്യക്തമാക്കുമോ? | (ഇ) | വിള ഇൻഷുറൻസ് പദ്ധതിയിൽ നാളിതു വരെ (ജൂലായ് 2017) 37602 കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. മുഴുവൻ കർഷകരേയും ഈ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 4

**PRELIMINARY REPORT ON DISTRICT WISE CROP DAMAGE DUE TO SWM 2017 Report on 16.08.2017**

| Sl.No | District | Total area affected(ha) | No of farmers affected | Estimated Loss (Rs) | Assistance Proposed (Rs) | Remarks |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | 93.322857 | 1431 | 38215000 | 17945800 | |
| 2 | Kollam | 120.6068 | 1530 | 12530800 | 5395775 | |
| 3 | Alappuzha | 102.28571 | 2015 | 24336000 | 12499800 | |
| 4 | Pathanamthitta | 24.514 | 139 | 4131200 | 2026125 | |
| 5 | Kottayam | 867.96718 | 3040 | 72321750 | 26835130 | |
| 6 | Idukki | 1978.7754 | 2607 | 74809910 | 21879300 | |
| 7 | Ernakulam | 285.01146 | 40 | 90480320 | 42707356.5 | |
| 8 | Thrissur | 108.73249 | 2111 | 37914340 | 17093600 | |
| 9 | Palakkad | 211.62143 | 2141 | 96341700 | 42155000 | |
| 10 | Malappuram | 2076.9338 | 4538 | 246882540 | 111712750 | |
| 11 | Kozhikode | 1466.0254 | 2050 | 93957954 | 40700081 | |
| 12 | Wayanad | 278.05494 | 1989 | 113761950 | 55785050 | |
| 13 | Kannur | 56.85319 | 1020 | 23469690 | 10306150 | |
| 14 | Kasaragod | 131.21176 | 1804 | 24511810 | 10275750 | |
| TOTAL | | 7801.92 | 26455 | 953664964 | 417317667.5 | |

സെക്ഷൻ ഓഫീസർ.

13

## അനുബന്ധം B

| ജില്ല | തുക | കർഷകരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 64531191 | 15019 |
| കൊല്ലം | 56486611 | 122 |
| പത്തനംതിട്ട | 1377088 | 230 |
| ആലപ്പുഴ | 38792123 | 51968 |
| കോട്ടയം | 8261881 | 1202 |
| ഇടുക്കി | 41032613 | 16670 |
| എറണാകുളം | 24617899 | 7785 |
| തൃശ്ശൂർ | 41006228 | 6041 |
| പാലക്കാട് | 125197651 | 7545 |
| മലപ്പുറം | 34742000 | 5604 |
| കോഴിക്കോട് | 84306143 | 23630 |
| കണ്ണൂർ | 20685882 | 7293 |
| വയനാട് | 290390538 | 16496 |
| കാസർഗോഡ് | 2500000 | 299 |
| ആകെ | **833927848** | **159904** |

സെക്ഷൻ ഓഫീസർ